# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## താന്ന്യം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.14 ) 1507 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താന്ന്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.14 ) 1507 /2021 തീയ്യതി: 17/05/2022

## തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 04-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 18-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത ആർ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ ഇ.സി, ഓഡിറ്റർ
ശ്രീ.രഞ്ജിത്ത് പി.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രതി അനിൽകുമാർ | പ്രസിഡന്റ് | 01-04-2020 | 14-06-2020 |
| അബൂബക്കർ.വി.ഐ | പ്രസിഡന്റ് | 15-06-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| രതി അനിൽകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| സാബു പി വി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോയ്.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 23-09-2020 |
| ചിത്ര.എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 23-09-2020 | 01-03-2021 |
| മനോജ്.എ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2021 | 31-03-2021 |
| അമ്പിളി.ഐ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| അനില മാത്യു | അഗ്രികൾച്ചറൽ ഓഫീസർ | 01-04-2020 | 22-06-2020 |

| | | | |
|---|---|---|---|
| ഹെൻറി നിക്കോളാസ് | അഗ്രികൾച്ചറൽ ഓഫീസർ | 22-06-2020 | 31-03-2021 |
| പ്രമീന.ഐ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.റജീന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ജസ്റ്റിൻ മാമൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.അർച്ചന അശോക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സ്നേഹ അഗസ്റ്റിൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| സ്മൃതി വാസുദേവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ബേബി.കെ.എൽ | ഹെഡ്മിസ്ട്രസ് | 01-04-2020 | 19-02-2021 |
| രമ.എ.ജി | ഹെഡ്മിസ്ട്രസ് | 19-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: REKHA E.C. (Auditor, On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: REKHA E.C. (Auditor, On 22-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunitha.R (Senior Grade Auditor, On 22-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vidya Vikraman (Asst. Audit Officer, On 09-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 09-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 10-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-10 |
| 11 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-11 |
| 12 | വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 08-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-12 |
| 13 | വസ്തു നികുതി മുൻകൂർ- വാർഷികകണക്കും സഞ്ചയ സോഫ്റ്റ്വെയറും പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 08-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-13 |
| 14 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല<br>Written By: Sunitha.R (Senior Grade Auditor, On 08-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-14 |
| 15 | Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല<br>Written By: Sunitha.R (Senior Grade Auditor, On 08-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-15 |
| 16 | ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 08-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-16 |
| 17 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-17 |
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-19 |
| 20 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: REKHA E.C. (Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-20 |

| | | |
|---|---|---|
| 21 | Capital Work In Progress -വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-21 |
| 22 | ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 19-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-22 |
| 23 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 19-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-23 |
| 24 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 19-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-24 |
| 25 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 01-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-25 |
| 26 | വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നത്<br>Written By: REKHA E.C. (Auditor, On 01-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-26 |
| 27 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 01-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-27 |
| 28 | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 01-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-28 |
| 29 | തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ -ഒറിജിനൽ ടാക്സ് ഇൻവോയിസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 06-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-29 |
| 30 | തെരുവ് വിളക്ക് പരിപാലനം-പദ്ധതി നർവ്വഹണത്തിലെ അപാകതകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 27-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-30 |
| 31 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-31 |
| 32 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 08-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-32 |
| 33 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-33 |
| 34 | ഹോമിയോ മരുന്നു ലഭ്യമായിട്ടില്ല<br>Written By: Ranjith P.R (Auditor, On 19-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-34 |
| 35 | പാലിയേറ്റീവ് കെയർ പദ്ധതി-മാർഗ്ഗരേഖ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നില്ല<br>Written By: Ranjith P.R (Auditor, On 19-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-35 |
| 36 | പെയിൻ&പാലിയേറ്റീവ് പരിചരണം-മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: Ranjith P.R (Auditor, On 19-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-36 |
| 37 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 29-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-37 |
| 38 | പഞ്ചായത്ത് ഓഫീസിലേക്കും,കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ പ്രിന്റർ വാങ്ങൽ -തുക മുൻകൂറായി കെൽട്രോണിന് നൽകി-നാളിതുവരെ കംപ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-38 |
| 39 | എസ്.എസ്.എ വിഹിതം നൽകൽ -വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-39 |
| 40 | കൃഷിഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-സാക്ഷ്യപത്രം ഇല്ല<br>Written By: Sunitha.R (Senior Grade Auditor, On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-40 |
| 41 | രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു<br>Written By: Sunitha.R (Senior Grade Auditor, On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 19-04-2022) | 1-41 |

| | | |
|---|---|---|
| 42 | പ്രവൃത്തി പൂർത്തീകരണ കാലയളവ് ,പിഴ ചുമത്തൽ - പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Bita.T.S (Audit Officer (HG), On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-42 |
| 43 | പുളിക്കെട്ടിന് സ്ഥിരനിർമ്മാണം-പ്രൊജക്ട് നടപ്പാക്കിയില്ല;സോയിൽ ടെസ്റ്റ് നടത്തിയ ചെലവ് 140000 രൂപ നിഷ്ഫലമായി.<br>Written By: Bita.T.S (Audit Officer (HG), On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-43 |
| 44 | നീർച്ചാലുകൾ വൃത്തിയാക്കൽ-ജി എസ്.ടി വിഹിതം നൽകിയതിലെ അപാകത ശ്രദ്ധയിൽപെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 19-04-2022) | 1-44 |
| 45 | പഞ്ചായത്തിന്റെ ബൃഹത് പദ്ധതികൾ-നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 05-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 20-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 04-04-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: REKHA E.C. (Auditor, On 06-10-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 05-05-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി | 25.03.20 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 22,55,14,367 | 21,45,45,630 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 12.02.21 | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 23,53,41,506 | 24,03,29,263 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 12.11.20 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,59,40,212 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,41,34,423 |
| ആകെ | 12,00,74,635 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,53,01,143 |
| നീക്കിയിരിപ്പ് | 2,47,73,492 |

### 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | ഇല്ല | 16759227 | 16759227 | 16109576 | 649651 |
| 2 | വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 12927638 | 12927638 | 12314892 | 612746 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | - | - | - | - |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 8909784 | 8909784 | 7696985 | 1212799 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | ഇല്ല | 5620000 | 5620000 | 2626261 | 2993739 |
| 6. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 8494000 | 8494000 | 8494000 | 0 |
| 7. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 4113966 | 4113966 | 4113966 | 0 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ,കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്ക് പലതിനും ACR എഴുതിസൂക്ഷിച്ചിട്ടില്ല. എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടുള്ളവയിൽ, വരവ്, ചെലവ്, നീക്കിബാക്കി എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ഫണ്ടുകളുടെ വരവ് ചെലവ് നീക്കിബാക്കി കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 224 | 124889436 | 173 | 75532051 | 35 | 16 | 77 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1284728 | 1284728 | 1284725 | 3 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29086922 | 29086922 | 29086922 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

.

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 8260200 | 3334 |
| വിധവാ പെൻഷൻ | 19851800 | 7815 |
| വാർദ്ധക്യകാലപെൻഷൻ | 41403600 | 16595 |
| വികലാംഗപെൻഷൻ | 5218000 | 2032 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2534500 | 1010 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2021 തീയതിയിൽ 2.50 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30344/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധരജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

3. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ, മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2021 | 2020-21 | 1-10-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-04-2011വരെ | 2005-06 മുതൽ 2010-11വരെ | 11.07.2011 |

### 1-11 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-12 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2-1തൻവർഷം

എ) റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3122202 | 3077607 | 52706 | 10428 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3122202 | 3060243 | 769446 | 10430 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(10951/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ബി)നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1656929 | 1640568 | 44359 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1656929 | 1619821 | 65106 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | ( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2-2ലൈബ്രറിസെസ്സ്

എ)ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 159176 | 0 | 159176 | 156325 | 0 | 156325 | 2971 | | 523 | 0 | 523 |
| | നോൺ-റെസിഡൻഷ്യൽ | 86616 | 0 | 86616 | 82496 | 0 | 82496 | 2323 | | 0 | 0 | 0 |
| | ആകെ | | | 245792 | | | 238821 | 5294 | | 523 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 245792 | | | 237757 | | | | | 523 | | |
| | | 0+....... =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

*2-3)* "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2-4) തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 3873 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|
| 42000379 | 31/03/2021 | 3873 |

2-5) തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 237757 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 238821 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയാണ്.

2-6) ബാലൻസ്ഷീറ്റ്ഷെഡ്യൂൾബി – 15 പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പടെ) 10951 രൂപയാണ്. ഇതു പ്രകാരം ഇതേ ഷെഡ്യൂളിൽ 431910101 State Govt Cesses/levies In Property Tax " എന്ന ശീർഷകത്തിൽ വരേണ്ട തുക 521 (1445197 X 5/105) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 523 രൂപ ചേർത്തിട്ടുണ്ട് . വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-13 വസ്തു നികുതി മുൻകൂർ- വാർഷികകണക്കും സഞ്ചയ സോഫ്റ്റ്‌വെയറും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 735632 | 770207 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 458535 | 480777 |

## 1-14 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിൽ 190 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം “280000000 – Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | (3873) |
| 280800701-Prior Period- Miscellaneous Expenses | (1390034) |

## 1-16 ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ വൌച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 55128 | 11.2.2021 | 42000212 |
| 2. | തൊഴിൽ നികുതി ട്രേഡേഴ്സ് | 110200101-professiontax -Institution/professional /traders | 533850 | 31.3.2021 | 42000338 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 രജിസ്റ്ററുകളുടെ പരിപാലനം

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1166720 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4836218 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-19 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 29086922/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമ്മിക്കുന്നതിനുള്ള 3464120/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | കൊച്ചുത്തമ്പല ലിങ്ക് റോഡ് സൈഡ് കാന നിർമ്മാണം | 351782 |
| 2 | സോമശേഖരനഗർ പരിസരത്തെ ഗുരുജി റോഡ് നിർമ്മാണം | 479814 |
| 3 | ബോട്ടുകടവ് പ്രദേശത്തെ ബോട്ടുകടവിലെ പുതിയ റോഡ് നിർമ്മാണം (ഗ്രീൻ ലൈൻ റോഡ് ) | 671428 |
| 4 | പൂക്കാട്ടു കുന്ന് നോർത്ത് റോഡ് കോൺക്രീറ്റ് | 386114 |
| 5 | വാർഡ് 17 ലെ പയ്യ്നർ കരിമ്പടം ചേലൂർ റോഡ് നിർമ്മാണം | 615012 |
| 6 | രശ്മി അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 491846 |
| 7 | കിഴപ്പുള്ളിക്കര പരിസരത്തെ കിഴക്കേമന നോർത്ത് ബ്രാഞ്ച് റോഡ് നിർമ്മാണം | 468124 |
| | ആകെ | 3464120 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 3464120/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 3464120/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-20 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 45741654 രൂപയാണ്. 31/3/2021 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 54191481 രൂപയാണ്. തൻവർഷം കൂടുതലായി ചേർത്തിരിക്കുന്നത് ആകെ 8449827 രൂപ മാത്രമാണ്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല എന്ന് വ്യക്തമാണ്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-21 Capital Work In Progress -വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

31.03.2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1817851/- രൂപയാണ്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-22 ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.11/12.10.2021), സ്ഥാപനങ്ങളെ ഇത്തരത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ലെന്നും നിലവിൽ ഫീസ് നിശ്ചയിക്കുന്നത് ഫീൽഡ് തല അന്വേഷണത്തിന്റെയും സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണെന്നും ഈടാക്കുന്ന മിനിമം ഫീസ് 500/- രൂപയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരമാണ്, ഈടാക്കാവുന്ന കുറഞ്ഞ ഫീസ് 500/- രൂപയാക്കി നിജപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിലെ ചട്ടവ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചല്ല പഞ്ചായത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത്. അപേക്ഷകൾ പലതും അപൂർണ്ണമായാണ് സമർപ്പിച്ചിട്ടുള്ളത്. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. ഇപ്രകാരം ചുമത്താവുന്ന ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല (ഓഡിറ്റ് അന്വേഷണം 11/12.10.2021). പട്ടിക III ൽ പറഞ്ഞ പരമാവധി തുകയാണ് ഫീസ് ആയി പഞ്ചായത്തിൽ ഈടാക്കുന്നത് എന്നാണ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലർക്കിൽ നിന്നും അറിയാൻ സാധിച്ചത്. എന്നാൽ ഇതിനു വിരുദ്ധമായി പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നതായി കാണുന്നു. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്/ സ്ഥാപനത്തിന്റ പേര്/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | ഡീപ് ഫർണീച്ചർ, 12/469 | 10 HP | 100 | 200 |
| 2 | അരിമ്പൂർ ഓയിൽ &ഫ്ലോർ മിൽ, 1/469 | 10 HP | 100 | 100 |
| 3 | സ്റ്റാം എഞ്ചിനീയറിംഗ് വർക്സ് , 2/306 C | 1.5 HP | 50 | 20 |
| 4 | കൃഷ്ണ വുഡ് വർക്സ്, 18/219 | 1.5 HP | 50 | 50 |
| 5 | ശ്രീരാമ സോ മിൽ, 13/473 | 30 HP | 300 | 250 |
| 6 | ന്യൂ അനുഗ്രഹ ഫുഡ് പ്രോഡക്ട്സ്, 6/244 B | 15 HP | 200 | 150 |
| 7 | എസ് എൻ സിമന്റ് ബ്രിക്സ്, 12/488 A,B | 11.5 HP | 200 | 150 |
| 8 | ബ്ലൂ ഡാൻ ഫുഡ്സ് ഇന്ത്യ(പ്രൈ) ലിമിറ്റഡ്, 13/478 B | 4.5 HP | 50 | 100 |
| 9 | കെ കെ ഫ്യൂവൽസ്, 13/186 | 4.5 HP | 50 | 200 |
| 10 | ചെമ്മാപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം, 1/344 | 25 HP | 300 | 400 |

ഇപ്രകാരം ഫീസ് ഈടാക്കുമ്പോൾ, ഒരേ കുതിരശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്ന പല സ്ഥാപനങ്ങൾക്കും പല ഫീസ് ഈടാക്കുന്ന അവസരം സൃഷ്ടിക്കപ്പെടുന്നു. വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കുമ്പോൾ, ചട്ടപ്രകാരം, ഏകീകൃതമായ രീതിയിൽ, ഫീസ് ചുമത്താൻ ശ്രദ്ധിക്കേണ്ടതാണ്. ചുമത്താവുന്ന പരമാവധി ഫീസ് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കേണ്ടതും, ആയതു പ്രകാരം ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-24 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു:

1996 – ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996 – ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

ആയതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (നമ്പർ: 14/12.10.21), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് 13.10.2021 തീയതിയിൽ ഇതു സംബന്ധിച്ച് കത്തു നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ, ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-25 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്തിലെ 18 വാർഡുകളിലെയും 2020-21 വർഷത്തിൽ പുതുതായി നിർമ്മിച്ച് വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിൽ താഴെ പറയുന്ന ചില അപാകതകൾ കാണുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് (7) –ാം ഉപവകുപ്പ് എന്നിവ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളുടെ തരം തിരിവുകളും ഓരോ തരത്തിന്റെയും കാര്യത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് കൃത്യമായി വിവരിക്കുന്നുണ്ട്. ഇതിലെ പട്ടിക -1 ൽ മേഖലകളുടെ അടിസ്ഥാനത്തിലുള്ള ഇളവ്/വർദ്ധനവ്, പട്ടിക -2 ൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് എന്നിവ പ്രകാരം എത്ര ശതമാനം ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട് എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഒരേ വാർഡിലെ ഒരേ റോഡിനെ തന്നെ വ്യത്യസ്ത മേഖലകളിലും വഴി സൗകര്യങ്ങളിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. അത് മുഖേന വ്യത്യസ്ത ഇളവുകളും വർദ്ധനവുകളുമാണ് നൽകി കാണുന്നത്.ഏതാനും ഉദാഹരണങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് ,മേഖല | മേഖല ഇളവ് നൽകിയിട്ടുണ്ടോ | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വർദ്ധനവ് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഇളവ് | ഗണം , അടിസ്ഥാന വസ്തുനികുതി നിരക്ക്, അടിസ്ഥാന വിസ്തീർണ്ണം | ആകെ വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ ) |
|---|---|---|---|---|---|---|---|
| 1. | 11/ 329എ | മിച്ചഭൂമി റോഡ്- ദ്വിതീയം | 10% – ഇളവ് 63.702 | 1.5 മീറ്ററിൽ കൂടുതൽ | - | പാർപ്പിടാവശ്യം, (6 /-നിരക്കിൽ) 106.17 ച. മീ | 603 /- |
| 2. | 11 / 371 എ | മിച്ചഭൂമി റോഡ്- തൃതീയം | 20% – ഇളവ് 62.928 /- | 1.5 മീറ്ററോ അതിൽ കുറവ് | 10% – ഇളവ് 31.464/- | പാർപ്പിടാവശ്യം, (6 /-നിരക്കിൽ) 52 .44 ച. മീ | 233 /- |

ഒരേ മേഖലകൾക്ക് വ്യത്യസ്ത ഇളവുകളും വർധനവും നൽകുന്നു . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് ,മേഖല | മേഖല ഇളവ് നൽകിയിട്ടുണ്ടോ | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വർദ്ധനവ് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഇളവ് |
|---|---|---|---|---|---|
| 1. | 15 / 228 എ | കരിപ്പാകുളം റോഡ്,പ്രഥമം | ഇല്ല | 1.5 മീറ്ററിൽ കൂടുതൽ 15 % വർദ്ധനവ് | - |
| 3. | 14 / 175 എ | എ.ആർ റോഡ് മാത്തുത്തോട് ലിങ്ക് റോഡ് -പ്രഥമം | ഇളവ്- ഇല്ല | 5 മീറ്ററോ അതിൽ കൂടുതൽ 20 % – വർദ്ധനവ് | |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും, മേഖലകളുടെ തരം തിരിവും, റോഡുകളുടെ തരം തിരിവും യഥാക്രമം 4-ഉം, 7-ഉം, 8-ഉം ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച പ്രസിദ്ധീകരിച്ച കഴിഞ്ഞതിനു ശേഷം, കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയും വാർഷികവസ്തുനികുതിയും കെട്ടിട ഉടമകൾക്ക് സ്വയം നിർണ്ണയിക്കാൻ സഹായകരമായ വിവരങ്ങളടങ്ങിയ ഒരു പൊതു നോട്ടീസ് 203 - ആം വകുപ്പ് (10)- ാം ഉപവകുപ്പ് പ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളായി തരം തിരിക്കുന്നുണ്ട്. ആയവക്ക് വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർധനവും (ചട്ടം 6 പ്രകാരം) അനുവദിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ ഒരേ വാർഡിലെ ഒരേ റോഡിനെ തന്നെ വ്യത്യസ്ത മേഖലകളിലും വഴി സൗകര്യങ്ങളിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. അത് മുഖേന വ്യത്യസ്ത ഇളവുകളും വർദ്ധനവുകളുമാണ് നൽകിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവം സമാഹരിക്കുന്നത് പ്രധാനമായും നികുതികളിലൂടെയാണ്. ഇത് പൂർണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതികളിലെ പ്രധാനപ്പെട്ട വസ്തുനികുതി കുറ്റമറ്റ രീതിയിൽ നിർണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിൽ 11604 കെട്ടിടങ്ങൾക്കാണ് വസ്തുനികുതി ഈടാക്കി വരുന്നത്. മേൽ സൂചിപ്പിച്ച രീതിയിലുള്ള നികുതി നിർണ്ണയം വൻ തോതിലുള്ള നികുതി ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിന്റെ നികുതി ശേഖരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായിരിക്കെ നികുതി ചോർച്ചക്ക് കാരണമാകുന്ന മേൽ വസ്തുതകൾ കണ്ടെത്തി തടയാൻ കഴിയാഞ്ഞത് പരിശോധിക്കേണ്ടതാണ്. നികുതിനിർണയത്തിന് ചട്ടത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നത്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 (1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജ് എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരത്തിലുള്ള സേവന ഉപനികുതികൾ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 31/ തീയതി. 18-10-2021) സേവന ഉപനികുതികൾ ചുമത്താൻ തീരുമാനം എടുത്തിട്ടില്ല എന്ന് മറുപടി ലഭ്യമായിട്ടുണ്ട്.

## 1-27 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ

I) വ്യാപാരക സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | കെ.കെ. ഫ്യൂവെൽസ് 13/186 | 7 |
| 2. | കൃഷ്ണ ഏജൻസിസ് 13/206 | 4 |
| 3. | സീ ടീസ് ആയുർവേദ ക്ലിനിക് 14/528 | 5 |
| 4. | ഇൻഫിറ്റ് ഓട്ടോ വേൾഡ് 12/575 | 5 |
| 5. | കാനിഷ് വുഡ് കാർവിങ് 7/301A | 4 |
| 6. | ഫന്റാസ്റ്റിക് ഇന്റീരിയേഴ്സ് 9/532A | 4 |
| 7. | ചെമ്മാപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം 1/344 | 20 |
| 8. | മാവേലി സ്റ്റോർ 8/390 | 3 |
| 9. | ഹൈടെക് ഫാഷൻസ് 8/394 | 4 |
| 10. | സുപ്പീരിയർ ഫുഡ് പ്രോഡക്റ്റ് 17/512 | 4 |
| 11. | അക്ഷര 15/411,412 | 5 |
| 12. | കെറോഫോ മാർക്കറ്റ് 10/509A | 4 |
| 13. | അയലക്കറി അമ്മാന്റെ കട 13/405A,B | 5 |
| 14. | കാർ വേൾഡ് 13/180A | 4 |
| 15. | ശാന്തിപുരത്ത് വുഡ് ഇൻഡസ്ട്രീസ് 15/393 | 5 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) കരാറുകാരിൽ നിന്നും തൊഴിൽനികുതി ഒടുക്കാത്തത്

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചു പ്രകാരം 2020-21 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | പ്രദീപ് കുമാർ കെ.ബി. |
| 2. | ശരത് വി. |
| 3. | ഇസ്മയിൽ കെ.കെ. |

| | |
|---|---|
| 4. | നാരായണൻ കെ.കെ. |
| 5. | സന്തോഷ് വി.കെ. |
| 6. | ഹരികുമാർ എ . |
| 7. | വിനോദ് പി. |
| 8 . | പോൾസൺ എം.ഐ. |
| 9. | രജി ടി.എ. |
| 10. | എം.ടി.സെബാസ്ററ്യൻ |
| 11. | ലിജോ ജോണി |
| 12. | നളിനി ഗോപിനാഥ് |
| 13. | ടിൻസി വർഗീസ് |
| 14. | ശ്രീജി പി.കെ. |
| 15. | ഷൈൻ കെ.എസ്. |
| 16. | ജോഷി |
| 17. | കിരൺ എം.ജി. |
| 18. | നൂർമിത |

പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

III)തൊഴിൽ നികുതി കുറവ് ഈടാക്കി

| ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| ഷീല വി.ജി. | ഗവ.ആയുർവേദ ഡിസ്പെൻസറി താന്ന്യം | 181440 | രണ്ട് | 1000/- | 1250/- |
| കെ. ഡി. ലിസി | മാബൻ നിധി ലിമിറ്റഡ്, പെരിങ്ങോട്ടുകര | 108036 | രണ്ട് | 750/- | 1000/- |

പ്രസ്തുത വ്യക്തികളിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

IV) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1. റേഷൻ കട - 12 എണ്ണം

2. ഓഡിറ്റോറിയം – 17 എണ്ണം

3. കള്ള് ഷാപ്പ് – 6 എണ്ണം

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 6/ തീയതി. 08.10.21) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമായിട്ടുണ്ട്.

## 1-28 സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഫാക്ടറി – വ്യാപാര ലൈസൻസ് (FACTEOS) രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അടവാക്കാത്ത അർദ്ധ വർഷം | കുറിപ്പുകൾ |
|---|---|---|---|---|
| 1. | പി.കെ. കുമാരൻ സ്റ്റോഴ്സ് | XII/584 | 1,2 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 13.10.21 തീയതിയിൽ121010104012 600/- രൂപ അടവാക്കി. |
| 2. | ബിസ്മില്ല സ്റ്റേഷനറി | IX/579 | 1 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3. | റോയൽ ഹാർഡ് വെയർ | VII/25,26 | 1,2 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 13.10.21 തീയതിയിൽ121010104019 600/- രൂപ അടവാക്കി. |

| | | | | |
|---|---|---|---|---|
| 4. | സമൃദ്ധി വെജിറ്റബ്ൾസ് മുഹബത്ത് ബേക്കറി / സ്റ്റോഴ്സ് | XV/263C | 2 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5. | ഗുരുദേവ ബേക്കറി | XIV/396 | 2 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6. | എസ്റ്റോഫാ ഫുഡ് കോർട്ട് | VII/184 | 2 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |
| 7. | ഹോം മെയ്ഡ് ബേക്കറി | XII/456 | 2 | അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 6, തീയതി. 08.10.21 )മേൽ സൂചിപ്പിച്ച പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട് .

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ -ഒറിജിനൽ ടാക്സ് ഇൻവോയിസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2019-20, 2020-21 വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടത്തിയ (ആസ്തി നിർമ്മാണം) നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാർ ലഭിച്ച കരാറുകാർ സപ്ലൈ ചെയ്ത സാധനങ്ങളുടെ ഒറിജിനൽ ടാക്സ് ഇൻവോയിസ് ഫയലിൽ ലഭ്യമല്ല. ഫയലിൽ കരാറുകാരുടെ പേരിലുള്ള ഇൻവോയിസുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഒറിജിനൽ ടാക്സ് ഇൻവോയിസ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നടത്തിയ പ്രവൃത്തികളുടേയും, കരാറുകരുടെയും, സപ്ലൈ ചെയ്ത മെറ്റീരിയലുകകളുടെ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | നടപ്പാക്കിയ പ്രവൃത്തി | കരാറുകാരൻ | തുക |
|---|---|---|---|
| 1 | സോമശേഖര നഗർ പരിസരത്തെ ഗുരുജി റോഡ് | ഹരീഷ് കുമാർ എ | 406404.64 |
| 2 | കൊച്ചത്തമ്പല ലിങ്ക് റോഡ് സൈഡ് കാന നിർമ്മാണം | ശരത് .വി | 210912.08 |
| 3 | രശ്മി അംഗനവാടി റോഡ് കോൺക്രീറ്റിങ്ങ് | കെ.കെ നാരായണൻ | 421938.5 |
| 4 | കിഴപ്പുള്ളിക്കര പരിസരത്തെ കിഴക്കെമന നോർത്ത്ബ്രാഞ്ച് റോഡ്നിർമ്മാണം | ബിജു കെ.സി | 379575 |
| 5 | ബോട്ടുകടവിലെ പുതിയറോഡ് നിർമ്മാണം -ഗ്രീൻലൈൻ റോഡ് | കെ.കെ നാരായണൻ | 574006.63 |
| 6 | പൈനൂർ കരിമ്പാടം ചേലൂർറോഡ് നിർമ്മാണം | കെ.കെ നാരായണൻ | 525665.25 |
| 7 | വടശ്ശേരി കുളത്തിൽ നിന്നുള്ള കാന നിർമ്മാണം | ശരത് .വി | 151988.08 |
| 8 | പടിഞ്ഞാറ്മന നോർത്ത് ബ്രാഞ്ച് റോഡ് കോൺക്രീറ്റിങ്ങ് | ശരത് .വി | 143064 |
| 9 | പൂക്കാട്ട് കുന്ന് നോർത്ത്റോഡ് കോൺക്രീറ്റിങ്ങ് | കെ.കെ നാരായണൻ | 329502.67 |
| 10 | 107-ാം നമ്പർ സ്നേഹ അംഗൻവാടി നിർമ്മാണം | സ്മിത വി.ആർ | 46657 |

ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/19/ഫിൻ സർക്കുലർ ക്രമനം. 4 പ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവരിൽ നിന്നും മാത്രമേ വാങ്ങൽ നടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർ ജി.എസ്.ടി ആക്ട് സെക്ഷൻ 31 പ്രകാരം ഇൻവോയിസ് നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ ടി നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 32/16.10.21)

## 1-30 തെരുവ് വിളക്ക് പരിപാലനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2019-20

1) പ്രോജക്റ്റ് – തെരുവ് വിളക്ക് അറ്റകുറ്റപ്പണി (3/20)

ചെലവ് – 460720/-

2) പ്രോജക്റ്റ് – തെരുവ് വിളക്കിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക (4/20)

ചെലവ് – 255073/-

2020-21

1) പ്രോജക്റ്റ് – തെരുവ് വിളക്ക് അറ്റകുറ്റപ്പണി (5/21-തൻവർഷം)

ചെലവ് – 446340/-

2) പ്രോജക്റ്റ് – തെരുവ് വിളക്ക് അറ്റകുറ്റപ്പണി (189/21-സ്പിൽ ഓവർ)

ചെലവ് – 32280/-

3) പ്രോജക്റ്റ് – തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ (6/20-തൻവർഷം)

ചെലവ് – 356052/-

4) പ്രോജക്റ്റ് – തെരുവ് വിളക്ക്അറ്റകുറ്റപ്പണിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ (6/20-സ്പിൽ ഓവർ)

ചെലവ് – 264797/-

2019-20, 2020-21 വർഷങ്ങളിൽ തെരുവ് വിളക്ക് പരിപാലനത്തിനായി പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളാണ് മേൽപറഞ്ഞവ. ടി പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കിയിട്ടില്ല. ഇപ്രകാരം തയ്യാറാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ അല്ല തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിക്കുന്നതും ആയതിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതും മുൻവർഷങ്ങളിലെ ഉപയോഗത്തിന് ആനുപാതികമായിട്ടാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

B. വാർഡ് തലത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്.

C. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച് കരാറുകാരൻ നൽകുന്ന കണക്കുകളും, ഇത് സാക്ഷ്യപ്പെടുത്തി വാർഡ് മെമ്പർ നൽകുന്ന കണക്കുകളുടെയും അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകുന്നത്. ഇത് താരതമ്യം ചെയ്യുന്നതിന് പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ കണക്കുകൾ ലഭ്യമല്ല. ആയതിനാൽ മേൽ പ്രകാരം ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

D. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാറുകാരൻ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഒപ്പിട്ടു വാങ്ങുന്നുണ്ട്. ഇവ ഏതെല്ലാം വാർഡുകളിൽ എത്ര എണ്ണം വിനിയോഗിച്ചു എന്നത് സംബന്ധിച്ച് കണക്കുകൾ കരാറുകാരൻ ലഭ്യമാക്കിയിട്ടില്ല. ടി കണക്കുകൾ സ്റ്റോക്കുമായി താരതമ്യപ്പെടുത്തി സ്റ്റോക്കിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.

E. കേടായ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും കരാറുകാരൻ തിരികെ പഞ്ചായത്തിൽ ഏൽപ്പിക്കാറുണ്ടെന്നും അവ പഞ്ചായത്ത് ക്രിമറ്റോറിയത്തിന്റെ ഒരുഭാഗത്ത് സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 -ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock In Register ഉം Stock Out Register ഉം റീക്കൺസൈൽ ചെയ്യേണ്ടതും, തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശപ്രകാരമുള്ള കേടായ ഉപകരണങ്ങൾ ഇതിനായുള്ള റിപ്പയർ രജിസ്റ്ററിൽ ചേർത്ത് Stock In Register ഉം Stock Out Register ഉം റീക്കൺസൈൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം കുറ്റമറ്റതാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.22/16.10.21

## 1-31 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്റ്റ് നം./പ്രോജക്റ്റ് | തുക | വൗച്ചർ നം./തീയ്യതി | തുക നൽകിയ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 101/21, കാൻതൃശ്ശൂർ (കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം) വിഹിതം നൽകൽ | 200000 | ട്രഷറി ബിൽ നമ്പർ53/20.01.2021 | തൃശ്ശൂർ ജില്ല പഞ്ചായത്ത് | |
| 2 | 102/21എബിസി പദ്ധതിയ്ക്കു വിഹിതം നൽകൽ | 100800 | ട്രഷറി ബിൽ നമ്പർ34/25.09.2020 - 100000/- വൗച്ചർ നം. 220001012/30.10.20 - 800/- | കുടുംബശ്രീ ജില്ലമിഷൻ കോഡിനേഷൻ | ഒരു നായക്ക് 2100 രൂപ നിരക്കിൽ നായ്ക്കളെ വന്ധ്യംകരിക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്. കുടുംബശ്രീ ജില്ലമിഷന്റെ 25.11.2020 ലെ 1199/സി16 /കെ.എസ്/ടി .എസ്.ആർ നമ്പർ വിനിയോഗ സാക്ഷ്യപത്രപ്രകാരം തുക ചെലവഴിച്ചിട്ടില്ലായെന്നും വരും വർഷം വിനിയോഗിച്ച് വിവരം ലഭ്യമാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-32 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്റ്റ് നം 53/20-21 ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തിയതി |
|---|---|---|
| 1 | രഞ്ജിനി രതീഷ് | നവംബർ 2020 |
| 2 | സുനി പട്ടത്ത് | നവംബർ 2020 |
| 3 | വിജയ മന്ത്രത്ത് | നവംബർ 2020 |
| 4 | ബൈജു ബാലൻ | നവംബർ 2020 |
| 5 | കൊച്ചമ്മു ബാലൻ | നവംബർ.2020 |
| 6 | സൈഗാൾ കണക്കന്ത്ര | ജൂൺ 2020 |
| 7 | നികിത തേർവീട്ടിൽ | ജൂൺ 2020 |
| 8 | സനീഷ് രാമു | ഓഗസ്റ്റ് 2020 |
| 9 | തങ്കമണി കുട്ടപ്പൻ | ഡിസംബർ 2020 |
| 10 | സുധീഷ് | സെപ്റ്റംബർ2020 |
| 11 | സജിനി സലീഷ് | ജൂൺ 2020 |
| 12 | രജീഷ് കിളികോട്ടിൽ | ജൂൺ 2020 |
| 13. | ശ്രീവിദ്യ സനീഷ് | ജൂൺ 2020 |
| 14 | കുമാരൻ മന്ത്രത്ത് | ജനവരി 2021 |
| 15 | ഗീത രഞ്ജിത് | ഡിസംബർ 2020 |

മേൽ ഗുണഭോക്താക്കളിൽ ബൈജു ബാലൻ,സൈഗാൾ കണക്കന്ത്ര, തങ്കമണി കുട്ടപ്പൻ, സുധീഷ്, സജിനി സലീഷ് എന്നിവർ പണി തുടങ്ങിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( നം- 5 തിയതി. 8. 10.21)മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊജക്റ്റ് നം- 65/19-20

നിർവ്വഹണോദ്യോഗസ്ഥ-വി.ഇ.ഒ

എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തിയതി |
|---|---|---|
| 1 | മനീഷ ബാലകൃഷ്ണൻ | 5.1.21 |
| 2 | അക്ഷയ് കെ എസ് | 11.11.20 |
| 3 | ശാരിത പി എ | 30.10.20 |
| 4 | ആദിശ്രീ | 14.1.21 |

മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
പഠനമുറിയുടെ പണി പൂർത്തീകരിക്കുന്നതിന് തുക വകയിരുത്തിയുണ്ടെന്നും പണി പൂർത്തീകരിച്ച് തുക കൈമാറുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 9. തിയതി. 12. 10.21)

## 1-34 ഹോമിയോ മരുന്ന ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ നമ്പറും പേരും : 35/21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)
അടങ്കൽ : ₹2,50,000/-
ചെലവ് : ₹2,50,000/-
ബിൽ നം. തിയ്യതി : 01 / 20-21/ 12.08.2020, തുക- 200000/-
372/20-21/25.06.2020, തുക – 50000/-

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് ₹2,50,000 അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയായും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/13.10.2021), ഇന്റന്റ് അയച്ച് കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കാത്തതിനെ തുടർന്ന് പല തവണ ഹോകോയുമായി മെയിൽ മുഖേന ബന്ധപ്പെട്ടിരുന്നുവെന്നും ടി വിഷയം ഡി.എം.ഒ യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് പെട്ടെന്ന് തന്നെ ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-35 പാലിയേറ്റീവ് കെയർ പദ്ധതി-മാർഗ്ഗരേഖ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നില്ല

1. പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ

ആവശ്യനസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ (2020-21) ഒരിക്കൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്(27.06.2020). യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ് (മേൽ ഉത്തരവ് ഖ.2-4-1കാണുക). എന്നാൽ ഈ കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ യോഗം ചേർന്നിട്ടില്ല.

3. 29.10.2015 ലെ സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവ് പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.
ഓഡിറ്റ് എൻക്വയറി – (24/16.10.2021)

## 1-36 പെയിൻ&പാലിയേറ്റീവ് പരിചരണം-മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ടിന്റെ പേര് | 59/21, പാലിയേറ്റീവ് കെയർ |
| അടങ്കൽ | 1100000/-രൂപ |
| ചെലവ് | 982805/- രൂപ |

2020-21 സാമ്പത്തിക വർഷം, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ "പാലിയേറ്റീവ് കെയർ" പദ്ധതിയുമായി ബന്ധപ്പെട്ട് (പ്രോജക്ട് നം. S00 59/21), KMSCL എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന വാങ്ങിയതിൽ താഴെ പറയുന്ന ബില്ലുകളിലെ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയതായി കാണുന്നില്ല.

| ബിൽ നമ്പർ &തീയതി | തുക | ഇൻവോയ്സ് നം. | തീയതി | തുക | ലഭ്യമാക്കിയ മരുന്നുകളുടെ ആകെ തുക | ബാക്കി |
|---|---|---|---|---|---|---|
| 1548/20-21, 28.03.2021 (Own Fund) | 180000/- | 1731 | 24.05.21 | 36022* | 172851/- | 7149/- |
| | | 1738 | 24.05.21 | 117853 | | |
| | | 5820 | 08.09.21 | 21362 | | |
| 368/20-21, 14.01.2021 | 250000/- | 40200 | 01.03.21 | 149909 | 240896/- | 9104/- |
| | | 39976 | 01.03.21 | 13877 | | |
| | | 44487 | 22.03.21 | 10077 | | |
| | | 801 | 03.05.21 | 67033 | | |

* 2386/- രൂപയുടെ ഗ്ലൌസ്സുകൾ തിരിച്ച് നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(34/18.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇനിയും ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

I) പ്രോജക്ട് നം. : 206/21 – സുഭിക്ഷ കേരളം പശു വളർത്തൽ – ജനറൽ

അടങ്കൽ : 9,00,000/-രൂപ

ചെലവു തുക : 8,50,000/- രൂപ

നിർവ്വഹണം : വെറ്ററിനറി സർജൻ
മേൽ പ്രൊജക്റ്റ് പ്രകാരം 18 പേർക്ക് കറവ പശു വളർത്തലിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം പശുക്കളെ ഇൻഷ്വർ (ഇൻഷ്വറൻസ് പോളിസി) ചെയ്യതിന്റെ രേഖകൾ ഫയലിലില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1. ഷാജി കെ. വി., കൊടപ്പുള്ള വീട്,പെരിങ്ങോട്ടുകര.
2. മോഹൻദാസ് കറുവത്ത് വീട്, പുത്തൻപീടിക.
3. അജിത ഉണ്ണികൃഷ്ണൻ കറുവത്ത് വീട്.
4. ഷീജ അനിൽകുമാർ, കുറുവത്ത് വീട്, പുത്തൻപീടിക.
5. കെ.എസ്. പ്രകാശൻ, കണ്ടങ്ങത്ത് വീട്, കിഴക്കുമുറി.

II)

പ്രൊജക്ട് നം. : 25/21 – പശു വളർത്തൽ (എസ്.സി)

അടങ്കൽ : 4,14,000/-രൂപ

ചെലവു തുക : 4,14,000/-രൂപ

നിർവ്വഹണം : വെറ്ററിനറി സർജൻ

മേൽ പ്രൊജക്റ്റ് പ്രകാരം കറവ പശു വളർത്തലിന് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം പശുക്കളെ ഇൻഷ്വർ (ഇൻഷ്വറൻസ് പോളിസി)ചെയ്തതിന്റെ രേഖകൾ ഫയലിലില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1. സുഭദ്ര കെ. വി., കോമരത്ത് വീട്.
2. ബിന്ദു ശരവണൻ, കിഴക്കൂട്ട് വീട്.
3. ഓമന ഷണ്മുഖൻ, ആലപ്പി വീട്.
4. വിമല പ്രകാശൻ കളിച്ചത്ത് വീട്.

III)

A )പ്രൊജക്റ്റ് നം. : 200/21 – ആട് വളർത്തൽ-ജനറൽ

അടങ്കൽ : 4,32,000/-രൂപ

ചെലവു തുക : 4,32,000/-രൂപ

മേൽ പ്രൊജക്റ്റ് പ്രകാരം ആട് വളർത്തലിന് ആനുകൂല്യം കൈപ്പറ്റിയ അബ്ദുൾ സലിം വി.ഐ.,വെട്ടിയാട്ടിൽ വീട്,കിഴപ്പുള്ളിക്കര എന്നവർ ആടിനെ വാങ്ങിയിരിക്കുന്നത് ഖദീജാബി എന്നവരിൽ നിന്നാണ്. ഖദീജാബിയുടെ കൈമാറ്റ അപേക്ഷയിലും തിരിച്ചറിയൽ രേഖയായ ആധാർ കാർഡിലെ മേൽവിലാസത്തിലും ഖദീജാബി, പട്ടികക്കാരൻ വീട്, ഏട്ടുമന, കരുവന്നൂർ, 680711 എന്നതും തുക കൈപ്പറ്റുന്ന ബാങ്ക് പാസ്സ്ബുക്കിലെ മേൽവിലാസം കദീജ ഷംസുദീൻ, W/o ഷംസുദീൻ കെ.എം., കറപ്പംവീട്ടിൽ വീട്, എട്ടുമന പി. ഒ., കരുവന്നൂർ എന്നതുമാണ്. ഇവർ സമർപ്പിച്ചിരിക്കുന്ന കൈപ്പറ്റ് രസീതി പൂർണ്ണമായും പൂരിപ്പിക്കാതെയാണ് സമർപ്പിച്ചിരിക്കുന്നത്. ആയതിൽ തുക സ്വീകരിക്കുന്നതിന്റെ ബാങ്ക് വിവരങ്ങളായ അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, എന്നിവയൊന്നും പൂരിപ്പിക്കാത്ത കൈപ്പറ്റ് രസീതാണ് സ്വീകരിച്ചിരിക്കുന്നത്. ആടുകളുടെ ഇൻഷ്വർ (ഇൻഷ്വറൻസ് പോളിസി)ചെയ്തതിന്റെ രേഖകൾ ഫയലിലില്ല. അപാകതക്ക് കാരണം ലഭ്യമാക്കേണ്ടതാണ്.

B) മേൽ പ്രൊജക്റ്റ് പ്രകാരം ആട് വളർത്തലിന് ആനുകൂല്യം കൈപ്പറ്റിയ ലിജി തൈവളപ്പിൽ, പെരിങ്ങോട്ടുകര എന്നവരുടെ അപേക്ഷയോടൊപ്പം ആടുകളെ ഇൻഷ്വർ (ഇൻഷ്വറൻസ് പോളിസി)ചെയ്തതിന്റെ രേഖകൾ ഫയലിലില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:30,തീയതി: 18.10.21)മറുപടി ലഭ്യമായിട്ടില്ല.

## 1-38 പഞ്ചായത്ത് ഓഫീസിലേക്കും,കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ പ്രിന്റർ വാങ്ങൽ -തുക മുൻകൂറായി കെൽട്രോണിന് നൽകി-നാളിതുവരെ കംപ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് - പഞ്ചായത്ത് ഓഫീസിലേക്കും,കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ പ്രിന്റർ വാങ്ങൽ (15/21)

ചെലവ് -164261/-

നിർവ്വഹണം -സെക്രട്ടറി

തനത് ഫണ്ട് - 64261 - (വൌച്ചർ നമ്പർ 22001796/12.3.21 -47108/-,22001917/24.3.21 -17153/- )

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) – 100000 - (ബിൽ നം.56/5.03.21 -75000/-,59/24.3.21-25000 /-)

മേൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കംപ്യൂട്ടർ വിതരണം നടത്തുന്നതിന് പ്രഫോർമ ഇൻവോയിസ് നം.TVM/ITBG/P1/RC/20902/20-21 /20.01.2021 പ്രകാരം 122108/-രൂപയും (4ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടറുകൾ-intel Processor-medium End -Ubuntu), പ്രഫോർമ ഇൻവോയിസ് TVM/ITBG /P1/RC/25664/20-21/24.03.2021 പ്രകാരം 42153/- രൂപയും (One Desktop -Intel Processor-high End-Ubuntu) കേരള സ്റ്റേറ്റ് ഐ.ടി മിഷന് (കെൽട്രോൺ) കൈമാറിയിട്ടുണ്ട്. കംപ്യൂട്ടർ ലഭിച്ചിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.22/16.10.21 മുഖേന ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കംപ്യൂട്ടറുകളും, പ്രിന്ററും ഇതുവരെ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കംപ്യൂട്ടറുകളും, പ്രിന്ററും ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുവരെ ചെലവ് തുകയായ 164261/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-39 എസ്.എസ്.എ വിഹിതം നൽകൽ -വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

A. പ്രോജക്റ്റ് - എസ്.എസ്.എ വിഹിതം നൽകൽ (45/21)
ഫണ്ട് – വികസനഫണ്ട് (ജനറൽ)
നിർവ്വഹണം – സെക്രട്ടറി
ചെലവ് – 400000/-
ട്രഷറി ബിൽ നം. – 36/20-21/29.9.20
B.പ്രോജക്റ്റ് - എസ്.എസ്.എ വിഹിതം നൽകൽ (46/21)
ഫണ്ട് - വികസനഫണ്ട് (എസ്.സി.പി)
നിർവ്വഹണം – സെക്രട്ടറി
ചെലവ് – 2407100/-
ട്രഷറി ബിൽ നം. – 37/20-21/29.9.20
മേൽ രണ്ട് പ്രോജക്ടുകളുടെയും വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 കൃഷിഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-സാക്ഷ്യപത്രം ഇല്ല

പ്രോജക്റ്റ് നമ്പർ - 28/20-21 സമഗ്ര തെങ്ങ് കൃഷി വികസനം

പ്രോജക്റ്റ് നമ്പർ - 29/20-21 സമഗ്ര വാഴ കൃഷി വികസനം

പ്രോജക്റ്റ് നമ്പർ -31/20-21 നെൽകൃഷിക്ക് കൂലി ചെലവ് വനിത

പ്രോജക്റ്റ് നമ്പർ - 203/20-21 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകൽ

കൃഷിഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതികളിൽ കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ ഫീൽഡ് സ്റ്റാഫുകളോ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ആയത് സാക്ഷ്യപ്പെടുത്തി ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (37/18.10.21) മറുപടി ലഭ്യമാക്കിയില്ല.

1-41 രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - 149/20-21 ഫ്ലഡ് - കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ്

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയിൻമേൽ 8789 രൂപ (ബിൽ നം5 തുക 2352/- തീ. 11.4.20, ബിൽ നം 6 തുക 2750/- തീ. 11.4.20, ബിൽ നം 230 തുക 3687/- തീ. 20.10.20) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിനാധികാരികമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് (37/18.10.21) മറുപടി ലഭ്യമാക്കിയില്ല.

1-42 പ്രവൃത്തി പൂർത്തീകരണ കാലയളവ് ,പിഴ ചുമത്തൽ - പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തേണ്ടതാണ്

മരാമത്ത് പ്രവൃത്തികളിലെ കാലതാമസം ചൂണ്ടിക്കാട്ടി എൻക്വയറികൾ (നം.15/12.10.21, നം.23/16.10.21,നം.36/18.10.21) നൽകിയതിനെ തുടർന്ന് കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കി അടവാക്കിയതിന്റെ രശീതികൾ എൻക്വയറി മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.(Proj.No.165/20 7870രൂപ Rt.No.3764611/18.10.21; Proj.No.142/20 598രൂപ Rt.No.3764613/18.10.21, 3090രൂപ Rt.No.3764612/18.10.21).ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.
കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളുംസമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005). എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

കാലാവധി ദീർഘീകരണം (Extension Of Time) & പിഴ

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012 /PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽ പറയുന്ന കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-43 പുളിക്കെട്ടിന് സ്ഥിരനിർമ്മാണം-പ്രൊജക്റ്റ് നടപ്പാക്കിയില്ല;സോയിൽ ടെസ്റ്റ് നടത്തിയ ചെലവ് 140000 രൂപ നിഷ്ഫലമായി.

കണ്ണൻ ചിറ, അഴിമാവ്, കല്ലുകര മാട്, പെടയ നാട്, ശ്രീരാമൻചിറ, ചെമ്മാപ്പിള്ളി പുളിക്കെട്ട് നർമ്മണത്തിനായി 2019 - 20, 2020-21 വർഷങ്ങളിൽ 265573 രൂപ ചെലവഴിച്ചിട്ടുണ്ട്. 2019 -20 വർഷത്തിൽ 129 /20 നമ്പറായി കണ്ണൻ ചിറ പുളിക്കെട്ട് സ്ഥിരം എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ചത് നടപ്പാക്കിയിട്ടില്ല. പുളിക്കെട്ടിന് സ്ഥിരം സംവിധാനം പ്രാവർത്തികമാണോയെന്ന് പരിശോധിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നം.27/ 16.10.21 നൽകിയതിനെ തുടർന്ന് അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പരിശോധിച്ചു. കണ്ണൻ ചിറയിൽ സ്ഥിരം പുളിക്കെട്ട് നിർമ്മിക്കുവാൻ ആവിഷ്കരിച്ച പ്രൊജക്റ്റ് ഫണ്ടിന്റെ ലഭ്യതക്കുറവും കരാറുകാരുടെ നിസ്സഹകരണവും മൂലം ഉപേക്ഷിച്ചതായി അസി.എഞ്ചിനീയർ അറിയിച്ചു.
ടി പ്രൊജക്റ്റിനു വേണ്ടി സോയിൽ ടെസ്റ്റു നടത്തുന്നതിന് 140000 രൂപ തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജ് കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ സെന്ററിന് നൽകിയത് നിഷ്ഫലമായ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.വിഷയം മൈനർ ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് വകുപ്പ് സ്ഥലം പരിശോധിച്ചതായി അസി.എഞ്ചിനീയർ മറുപടിയിൽ പറയുന്നു.തനതു ഫണ്ടിൽ നിന്നും 1,40,000 രൂപ ചെലവഴിച്ച് സോയിൽ ടെസ്റ്റ് നടത്തിയ, റിപ്പോർട്ട് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. തനതു ഫണ്ട് ചെലവ് നിഷ്ഫലമായ സാഹചര്യത്തിലേക്കും, പുളിക്കെട്ടുകൾക്ക് സ്ഥിരം സംവിധാനമുണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്കും ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-44 നീർച്ചാലുകൾ വൃത്തിയാക്കൽ-ജി എസ്.ടി വിഹിതം നൽകിയതിലെ അപാകത ശ്രദ്ധയിൽപെടുത്തുന്നു

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (“*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243Wof The Constitution")* .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിൽ പഞ്ചായത്ത് ജി.എസ്.ടി നൽകിയിട്ടുണ്ട്.

1.പ്രൊജക്ട് നം:77/ 21
12 ഇന പരിപാടി - ദുരന്ത നിവാരണം-ജല രക്ഷ ജീവരക്ഷ - മാലിന്യം നിറഞ്ഞു കിടക്കുന്ന നീർച്ചാലുകൾ വൃത്തിയാക്കൽ.
Agmt No.9/AE/LSGD/TNMGP/2020-21 Dt.11.06.2020
കോൺട്രാക്ടർ : പ്രദീപ് കുമാർ കെ.ബി
അടങ്കൽ തുക : 1096720
ചെലവ് : 1096690
സി എഫ് സി ഫണ്ട് : 846725/- വൌച്ചർ നമ്പർ 22000778/19.08.20
തനത് ഫണ്ട് : 117472 Cheque No : LGTSB 2836410/09.11.20
ജി പി എഫ് : 132493 വൌച്ചർ നമ്പർ 22000779/8.9.20
എം.ബി നം : 18/20-21
ആകെ പ്രവൃത്തിമൂല്യം : 979188.05
GST Compensation 12% : 117502

2. പ്രൊജക്ട് നം : 173/ 21
നീർച്ചാലുകൾ വൃത്തിയാക്കൽ.
Agmt No.1/AE/LSGD/TNMGP/2020-21 Dt.11.05.2020
കോൺട്രാക്ടർ : പ്രദീപ് കുമാർ കെ.ബി
അടങ്കൽ തുക :400000
ചെലവ് : 400000
ബ്ലോക്ക് ഷെയർ 300000 (STSB JV) Cheque No.2852414/1.7.20
തനത് ഫണ്ട് 100000 Cheque No. 2921295/1.7.20
എം.ബി നം : 12/20-21
ആകെ പ്രവൃത്തിമൂല്യം : 356585
GST Compensation 12% : 42790
3.പ്രൊജക്ട് നം : 198/ 21
മാത്തു തോട് പെരിങ്ങോട്ടുകരപ്പാടം തോട് വൃത്തിയാക്കൽ
Agmt No.43/AE/LSGD/TNMGP/2020-21 Dt.4.11.2020
കോൺട്രാക്ടർ : പ്രദീപ് കുമാർ കെ.ബി
അടങ്കൽ തുക : 487000
ചെലവ് : 486369 വൌച്ചർ നമ്പർ : 22002024 / 26.3.21
എം.ബി നം : 74/20-21
ആകെ പ്രവൃത്തിമൂല്യം : 434258
CGST+SGST 12% : 52111

മേൽ പ്രവൃത്തികൾ പ്രകാരം തോട്ടിൽ നിന്നും കുളവാഴ, ചണ്ടി മറ്റു കളകൾ ചെളിമണ്ണ് . മറ്റു വസ്തുക്കൾ എന്നിവ നീക്കി ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾക്ക് ജി.എസ്. ടി നൽകിക്കാണുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 12/17 പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243 G പ്രകാരം ഒരു പഞ്ചായത്തിന് കൈമാറിയ ഏതെങ്കിലും Function (പ്രവർത്തനം) നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സർവ്വീസുകൾ (സേവനങ്ങൾ) ക്ക് ജി.എസ്.ടി നിയമപ്രകാരം നികുതി ചുമത്തുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 243 G പ്രകാരം Water Management ഉം, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കികളയുക എന്നതും ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതാണ്. അതുകൊണ്ടുതന്നെ അത്തരം Function (പ്രവർത്തനം) നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സർവ്വീസുകൾ (സേവനങ്ങൾ)ക്ക് ജി.എസ്.ടി നിയമപ്രകാരവും, 28.06.17 ലെ നോട്ടിഫിക്കേഷൻ നംപർ 12/17 പ്രകാരവും നികുതി ബാധകമല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക 117502+42790+52111 =212403 രൂപ കരാറുകാരന് ജി എസ് ടി ഇനത്തിൽ കൂടുതലായി നല്കിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 10/ 12 .10.21 ).വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-45 പഞ്ചായത്തിന്റെ ബൃഹത് പദ്ധതികൾ-നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ താഴെ പറയുന്ന ബൃഹത് പദ്ധതികളുടെ സ്ഥല പരിശോധന നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/അടങ്കൽ തുക | ചെലവുതുക |
|---|---|---|
| 1. | 113/ 21<br>സരയൂതീരം മോഡിഫിക്കേഷനും അടിസ്ഥാന സൗകര്യവികസനവും | 199849 |

| | | |
|---|---|---|
| | 200000 | |
| 2. | 142/ 21<br>സരയൂതീരത്ത് സംരക്ഷണ വേലി<br>600000 | 568051 |
| 3. | 213/ 21<br>സരയൂതീരത്ത് ലൈറ്റ് സ്ഥാപിക്കലും കോമ്പൗണ്ട് വാൾ മോടി കൂട്ടുന്നതിനും<br>അധിക അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും.<br>340000 | 302427 |
| | ആകെ തുക | 1070327 |

സരയൂതീരത്ത് ടോയ് ലറ്റ് കോംപ്ലക്സ് കം ക്ലോക്ക് റൂം നിർമ്മിക്കൽ (239/21,അടങ്കൽ തുക1250000) പ്രൊജക്ട് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. പഞ്ചായത്തിന്റെ വൃദ്ധർക്കും കുട്ടികൾക്കുള്ള "പാർക്ക് സരയു തീരം" സ്ഥല പരിശോധനയുടെ ഭാഗമായി സന്ദർശിച്ചു. അതിർത്തി സംരക്ഷണം 90% പൂർത്തിയായിട്ടുണ്ട്.സ്ഥലത്ത് ചില ഭാഗങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നുണ്ട്. തൂണുകൾക്ക മുകളിൽ പാകിയ ക്ലേടൈലുകൾ ഒന്നു രണ്ടിടത്ത് അടർന്നുപോയതായി കാണപ്പെട്ടു. പാർക്കിൽ വിഭാവനം ചെയ്ത ബാക്കി പ്രവൃത്തികൾ കൂടി പൂർത്തിയാക്കി സ്ഥിരമായി പരിപാലിക്കുന്നതിനുള്ള സംവിധാനം കൂടി നിലവിൽ വന്നാലേ പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് പറയാനാകൂ.

ബൃഹദ് പദ്ധതിയായ അഗ്രോ ക്ലിനിക്ക് കെട്ടിട നിർമ്മാണവും (Proj,no.155/21(so) ചെലവ്1521678രൂപ) സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. മേൽ പദ്ധതികൾ ലക്ഷ്യം കൈവരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 113574 | 221/21 വാർഡ് 5ലെ എ ആർ റോഡ് ബസ് സ്റ്റോപ്പ് നവീകരണം | 0 | 113574 |
| | | 55000 | 30/21 പന്ത്രണ്ടിന പരിപാടി – ജൈവ പച്ചക്കറി കൃഷി വികസനം – കുലിച്ചിലവ് വിത്ത്, വളം തൈകൾ ഗ്രോബാഗ് നൽകൽ, വൃക്ഷത്തൈകൾ നട്ട് പരിപാലിക്കൽ | 55000 | 0 |
| | | 180000 | 32/21 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 180000 | 0 |
| | | 425000 | 40/21 ശാരീരിക മാനസിക വെല്ലുവിളകൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പുകൾ | 425000 | 0 |
| | | 250000 | 59/21 പാലീയേറ്റീവ് കെയർ | 250000 | 0 |
| | | 132493 | 7721 പന്ത്രണ്ടിന പരിപാടി – ദുരന്തനിവാരണം – ജലരക്ഷ ജീവരക്ഷ – മാലിന്യം നിറഞ്ഞുകിടക്കുന്ന നീർച്ചാലുകൾ വൃത്തിയാക്കൽ | 132493 | 0 |
| | | 410000 | 125/21 വൃദ്ധർക്ക് കട്ടിൽ (ജനറൽ) | 410000 | 0 |
| | | 20782 | 126/21 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും | 20782 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ട്യൂബ് ഫിറ്റ് ചെയ്യലും | | |
| | | 150000 | 141/21 വികലാംഗക്ഷേമം – ഉപകരണങ്ങൾ വാങ്ങൽ | 150000 | 0 |
| | | 500000 | 142/21 സരയു തീരത്ത് സംരക്ഷണ വേലി കെട്ടൽ | 500000 | 0 |
| | | 500000 | 143/21 വാർഡ് 1ലെ ഹെൽത്ത് സബ്സെന്റർ നിർമ്മാണം രണ്ടാം ഘട്ടം | 500000 | 0 |
| | | 99185 | 175/21 പൊതു കിണർ അറ്റകുറ്റപണി 2,8,12 ചെമ്മാപ്പിള്ളി സ്കൂളിന സമീപം, ലക്ഷം വീട് കോളനി, പെരിങ്ങോട്ടുകര ഷെഡ് | 99185 | 0 |
| | | 620000 | 199/21 ചെമ്മാപ്പിള്ളി ഉക്കുപാലം അറ്റകുറ്റപണി നടത്തൽ | 620000 | 0 |
| Total | | 3456034 | | 3342460 | 113574 |
| ബ്ലോക്ക് പഞ്ചായത്ത് | | 200000 | 176/21 കണ്ടനി കളപ്പാടം ബണ്ട് റോഡ് നിർമ്മാണം | 200000 | 0 |
| | | 350000 | 216/21 അംഗനവാടിക്ക് ചുറ്റു മതിലും ടസ്റ്റും വാർഡ് 4 | 350000 | 0 |
| | | 300000 | 173/21 നീർച്ചാലുകൾ വൃത്തിയാക്കൽ | 300000 | 0 |
| | | 270000 | 203/21 സുഭിക്ഷ കേരളം – നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകൽ | 270000 | 0 |
| | | 120000 | 27/21 സമഗ്ര നെൽകൃഷി വികസനം വിത്ത് വളം നൽകൽ ജനറൽ | 104580 | 15420 |
| | | 180000 | 59/21 പാലിയേറ്റീവ് കെയർ | 180000 | 0 |
| | | 200000 | 40/21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കേളർഷിപ്പ് | 200000 | 0 |
| | | 100000 | 32/21 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 100000 | 0 |
| | | 802400 | 53/21 ലൈഫ് – ഭവന നിർമ്മാണ പദ്ധതി (എസ്സി) | 802400 | |
| | | 801104 | 63/21 ലൈഫ് മിഷൻ – ഭവന നിർമ്മാണം (ജനറൽ) | 420000 | 381104 |
| | | 940000 | 118/21 ലൈഫ് –ഭവന നിർമ്മാണ പദ്ധതി (എസ്സി) | 940000 | 0 |
| | | 300000 | 151/21 ലൈഫ് – രണ്ടാം ഘട്ടം – ഭവന നിർമ്മാണ പദ്ധതി (ജനറൽ) | 300000 | 0 |
| | | 450000 | 154/21 കിഴപ്പിള്ളിക്കര ലക്ഷം വീട് കോളനി സമഗ്ര വികസനം വാർഡ് 8 | 450000 | 0 |
| | | 300000 | 157/21 ലക്ഷം വീട് കോളനി നടപ്പാത ടൈൽ വിരിക്കലും കാന നിർമ്മാണവും വാർഡ് 12 | 300000 | 0 |
| | | 50000 | 193/21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കേളർഷിപ്പ് | 50000 | 0 |
| | | 200000 | 238/21 കിണ്ടനിക്കളപ്പാടത്ത് തകർന്ന് കിടക്കുന്ന മോട്ടോർ ഷെഡ് പുതുക്കി നിർമ്മിക്കൽ | 0 | 200000 |
| Total | | 5563504 | | 4966980 | 596524 |

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഖണ്ഡികയിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ബാലൻസ് ഷീറ്റ് B4 മായി വ്യത്യാസപ്പെട്ടിരിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ 2020-21

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | വൗച്ചർ നം. 22000333 | 67968 | |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | തൻവർഷം വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | | 3000000 | 5687113 | 614511 | 8072602 |
| EMS Loan | | 0 | 588513 | 588513 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,41,34,423 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,53,01,143 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 173050 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38 | 164261 | സാബു.പി.വി, സെക്രട്ടറി |
| 1-41 | 5102 | അനില മാത്യു . അഗ്രികൾച്ചറൽ ഓഫീസർ |
| 1-41 | 3687 | ഹെൻറി നിക്കോളാസ്, അഗ്രികൾച്ചറൽ ഓഫീസർ |
| ആകെ | 173050 | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാബു.പി.വി,സെക്രട്ടറി | സാബു.പി.വി,സെക്രട്ടറി വാടാനപള്ളി ഗ്രാമ പഞ്ചായത്ത് | പുളിക്കോട്ടിൽ (H) പെരിങ്ങോട്ടുകര (P.O) |
| അനില മാത്യു .അഗ്രികൾച്ചറൽ ഓഫീസർ | അനില മാത്യു .അസി.ഡയക്ടർ അഗ്രികൾച്ചർ, മതിലകം ബ്ലോക്ക് | പുത്തൻപുരക്കൽ (H) ചിയാരം (P.O) |
| ഹെൻറി നിക്കോളാസ് ,അഗ്രികൾച്ചറൽ ഓഫീസർ | ഹെൻറി നിക്കോളാസ്, അഗ്രികൾച്ചറൽ ഓഫീസർ താന്ന്യം ഗ്രാമ പഞ്ചായത്ത് | കരുതുകളങ്ങര(H) അന്തിക്കാട് |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽഎഫ്.ടി.എസ്.1679/ 18.7.11/ 1.10.11 |
| 1981-82 | എൽ.എഫ്.ടി.13-1880/84/ 7.2.85 |
| 1982-83 | എൽ.എഫ്.ടി.13-1317/87/ 12.8.87 |
| 1983-84 | എൽ.എഫ്.ടി.13-923/88/1.7.88 |
| 1984-85 | എൽ.എഫ്.ടി.13-142/89/ 18.9.89 |
| 1985-86 | എൽ.എഫ്.ടി.13-2144/91/ 23.7.93 |
| 1986-87, 1987-88 | എൽ.എഫ്.ടി.13-1236/93/ 23.7.93 |
| 1988-89, 1989-90 | എൽ.എഫ്.ടി.13-1490/93/ 16.2.94 |
| 1990-91 | എൽ.എഫ്.ടി.13-629/96/8.6.96 |
| 1991-92 | എൽ.എഫ്.ടി.13-1491/93/ 15.2.94 |
| 1992-93, 1993-94 | എൽ.എഫ്.ടി.13-718/97/3.1.97 |
| 1996-97 | എൽ.എഫ്.ടി.13-113/563/ 98/7.10.98 |
| 1997-98 | എൽ.എഫ്.ടി.15-28/98/5.6.99 |
| 1998-99 | എൽ.എഫ്.ടി.15-1624/00/ 14.9.00 |
| 1998-99 | എൽ.എഫ്.ടി.15-1785/01/ 3.9.02 |
| 1999-00 | എൽ.എഫ്.ടി.15-1822/01/ 31.10.02 |
| 2000-01 | എൽ.എഫ്.ടി.15-1748/02/ 4.9.03 |
| 2001-02 | എൽ.എഫ്.ടി.15-1734/03/ 9.6.04 |
| 2001-02 | എൽ.എഫ്.ടി.15-239/04/ 13.9.04 |

| | |
|---|---|
| 2002-03 | എൽ.എഫ്.ടി.15-352/06/ 12.3.07 |
| 2003-04 | എൽഎഫ്.ടി.11-2614/08/ 25.5.10 |
| 2004-05 | എൽഎഫ്.ടി.11-64/09/ 25.5.10 |
| 2005-06 | എൽഎഫ്.ടി.11-29/10/ 29.1.10 |
| 2006-07 | എൽഎഫ്.ടി.11-30/10/ 29.1.11/ 29.6.11 |
| 2007-08 | എൽഎഫ്.ടി.(പി2)685/12/ 13.6.12 |
| 2008-09 | എൽഎഫ്.ടി.(പി2)686/12/ 13.6.12 |
| 2009-10 | എൽഎഫ്.ടി.(പി2)687/12/ 13.6.12 |
| 2011-12 | എൽഎഫ്.ടി.(പി2)-910/13/ 3.12.13 |
| 2012-13 | എൽ.എഫ്.ടി.പി2-848/2014 |
| 2013-14<br>2014-15 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-370/16dt.29.03.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.<br>പി2-1940/2016dt.14.11.2016 |
| 2016-17 | കെ.എസ്. എ-ടി.എസ് ആർ(പി2)1404/2017 തിയതി:14.09.2017 |
| 2017-18 | കെ.എസ്. എ-ടി.എസ് ആർ(പി2)255/2019തിയതി:11.06.2019 |
| 2018-19 | കെ.എസ്. എ-ടി.എസ് ആർ(പി2)1693/2019തിയതി : 21.12.2019 |
| 2019 -20 | കെ.എസ്. എ-ടി.എസ് ആർ(പി 14) 1506/2021 തിയതി :<br>16.03.2022 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്